**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1512** **10/02/2020-ൽ മറുപടിയ്ക്ക്**

**കശുമാങ്ങയിൽ നിന്നും മദ്യം**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.ഐ.സി.ബാലകൃഷ്ണൻ** | **ശ്രീ. വി.എസ്. സുനിൽകുമാർ**<br>**(ബഹു. കൃഷി വകുപ്പ് മന്ത്രി)** |
| എ) പ്ലാന്റേഷൻ കോർപ്പറേഷൻ കശുമാവ് കൃഷി നടത്തുന്നുണ്ടോ; എങ്കിൽ എത്ര ഹെക്ടർ സ്ഥലത്താണ് കൃഷി നടത്തുന്നത്; | എ) പ്ലാന്റേഷൻ കോർപ്പറേഷൻ 5270.44 ഹെക്ടറിൽ കശുമാവ് കൃഷി നടത്തുന്നുണ്ട്. |
| ബി) പ്രസ്തുത തോട്ടത്തിൽ നിന്നും ലഭിക്കുന്ന കശുമാങ്ങയിൽ നിന്നും മദ്യം ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുവാൻ കോർപ്പറേഷൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;<br><br>സി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദമായ റിപ്പോർട്ട് തയ്യാറാക്കുവാൻ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ; | ബി) & സി) പ്ലാന്റേഷൻ കോർപ്പറേഷൻ കശുമാങ്ങയിൽ നിന്നും വീര്യം കുറഞ്ഞ മദ്യം ഉൽപ്പാദിപ്പിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. |
| ഡി) ഇക്കാര്യത്തിനായി കോർപ്പറേഷൻ എക്സൈസ് വകുപ്പിനെ സമീപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ നിയമങ്ങൾ ഇക്കാര്യത്തിനായി ഭേദഗതി ചെയ്യേണ്ടി വരും; വ്യക്തമാക്കാമോ? | ഡി) കശുമാങ്ങയിൽ നിന്നും ഫെനി പോലുള്ള ആൽക്കഹോളിക് പാനീയങ്ങൾ, വൈൻ തുടങ്ങിയ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സർക്കാർ അനുമതി ലഭ്യമാക്കണമെന്ന് കോർപ്പറേഷൻ ബഹു.എക്സൈസ് വകുപ്പ് മന്ത്രിക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിനായി അബ്കാരി ചട്ടങ്ങളിൽ നിയമഭേദഗതി വരുത്തേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ